## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 714** — **28.02.2018-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തിനാവശ്യമായ പാൽ ഉൽപ്പാദിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻതങ്ങൾ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തിനാവശ്യമായ പാൽ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ഷീര വികസന യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ക്ഷീരവികസന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. |
| (ബി) അയൽസംസ്ഥാനങ്ങളിലേതു പോലെ സംസ്ഥാനത്തിനാവശ്യമായ പാൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുവാൻ വേണ്ട നടപടികൾ ആരംഭിക്കുമോ ; | അയൽ സംസ്ഥാനങ്ങളിലേതു പോലെ സംസ്ഥാനത്തിനാവശ്യമായ പാൽ തദ്ദേശീയമായി ഉല്പാദിപ്പിക്കുവാൻ വേണ്ട നടപടികൾ നടന്നു വരുകയാണ്. |
| (സി) ക്ഷീര വികസന വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | ക്ഷീരവികസന വകുപ്പ് ഇക്കാര്യത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയത് ചുവടെ ചേർത്തു കൊള്ളുന്നു.<br>**<u>തീറ്റപ്പുൽക്കൃഷി വികസനം</u>**<br>സംസ്ഥാനത്ത് കറവ പശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുകയും, പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേക്കായി 5000-ൽ പരം ഹെക്ടർ സ്ഥലത്ത് കൂടുതലായി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു.<br>**<u>കാലിത്തീറ്റ സബ്സിഡി</u>**<br>ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ |

പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നല്കി വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4/- രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**<u>മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP)</u>**

ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും, നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട ഡയറിഫാമുകൾ ആരംഭിക്കുന്നതിനും, ഫാമുകളുടെ യന്ത്രവത്കരണത്തിനും, ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിനും, മറ്റും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്

**<u>ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം</u>**

കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കാൻ ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും, ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**<u>വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ</u>**

ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിനും ആവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ക്ഷീര വികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**